# സർക്കാർ ജോലി

## ജമാഅത്തെ ഇസ്ലാമിയുടെ ഇരട്ടത്താപ്പ്

അനിസ്ലാമിക ഗവൺമെൻറിനു കീഴിൽ ജോലി സ്വീകരിക്കുന്നത് മുസ്ലീംകളെ സംബന്ധിച്ചേടത്തോളം ചിന്തിക്കാൻ പോലും കഴിയാത്ത നീചാവസ്ഥയാണെന്ന് ജമാഅത്തെ ഇസ്ലാമി ആദ്യകാലങ്ങളിൽ പ്രചരിപ്പിച്ചിരുന്നു. പ്രസ്തുത പരാമർശം വെറും ഒരാരോപണം മാത്രമാണെന്നും, അതിനു മറുപടിയെന്നോണം തർക്കവിഷയത്തിൽ ഇവർ സ്വീകരിച്ചിരുന്ന സമീപനം എന്താണെന്നും ശൈഖ് മുഹമ്മദ് കാരക്കുന്ന് സാഹിബ് 'മുഖാമുഖം' എന്ന പുസ്തകത്തിലൂടെ വിശദീകരിക്കുകയുണ്ടായി. സർക്കാർ ജോലിയെ മൂന്നായി ഭാഗിച്ചു കൊണ്ടുള്ള പ്രസ്തുത വിശദീകരണത്തിൽ ഒന്നാമത്തേത് സ്വയം നിഷിദ്ധമായവയും, രണ്ടാമത്തേത് ന്യായാധിപസ്ഥാനം പോലുള്ള കുഞ്ചികസ്ഥാനങ്ങൾ വഹിക്കുന്നതിലെ ജമാഅത്തെ ഇസ്ലാമിയുടെ വിയോജിപ്പ് എടുത്തുപറയുന്നതുമായിരുന്നു. അതിനെത്തുടർന്ന് അദ്ദേഹം മൂന്നാമത്തെ വിശദീകരണത്തിലേക്കു കടന്നു. അതിലെ ഒരു ഭാഗം ചുവടെ വായിക്കുക.

> (3) അധ്യാപനം പോലുള്ള സാധാരണ സർക്കാർജോലികൾ: അത് സ്വീകരിക്കുന്നതിൽനിന്ന് ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി അതിന്റെ അംഗങ്ങളെ പോലും ഒരിക്കലും വിലക്കിയിട്ടില്ല. എന്നാൽ ആദർശപ്രചോദിതരായി പ്രാസ്ഥാനികാവശ്യങ്ങൾക്കായി ജോലി സ്വയം രാജിവച്ചവർ ജമാഅത്തെ ഇസ്ലാമിയിലുണ്ട്. മുമ്പുമുണ്ട്, ഇപ്പോഴുമുണ്ട്. അതേസമയം സർക്കാർജോലി സ്വീകരിക്കുന്നതിൽനിന്ന് ആരെയെങ്കിലും തടയുകയോ ജോലി രാജിവയ്ക്കാൻ ആരോടെങ്കിലും ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ ധാരാളം സർക്കാർ അധ്യാപകരും മറ്റ് ഉദ്യോഗസ്ഥരും ആദ്യകാലം മുതൽതന്നെ ജമാഅത്ത് പ്രവർത്തകരും അംഗങ്ങളുമായി ഉണ്ടായിരുന്നു.

(മുഖാമുഖം, പേജ് 139)

സഹോദരങ്ങളെ , എത്രമാത്രം കാപട്യം നിറഞ്ഞവാക്കുകളാണ് നാം മുകളിൽ വായിച്ചത്. അധ്യാപനം പോലുള്ള സർക്കാർ ജോലികൾ സ്വീകരിക്കുന്നതിൽ നിന്ന് ജമാഅത്തെ ഇസ്ലാമി അതിൻെറ അംഗങ്ങളെ ഒരിക്കലും വിലക്കിയിട്ടില്ല എന്ന് എങ്ങനെയാണ് ശൈഖ് അവർകൾക്ക് എഴുതാൻ കഴിഞ്ഞത്. നന്മയുടെ വ്യാജവേഷം അണിഞ്ഞ ഒരഭിപ്രായമാണിതെന്ന് മനസ്സിലാക്കാൻ ഇദ്ദേഹം മുമ്പ് എഴുതിയ 'ജമാഅത്തും സർക്കാർ ജോലിയും' എന്നൊരു ലേഖനം മാത്രം വായിച്ചാൽ

മതി. 1987 ആഗസ്റ്റ് 1-ലെ പ്രബോധനം വാരികയിലാണ് പറയപ്പെട്ട ലേഖനം പ്രസിദ്ധീകരിച്ചത്. അതിന്റെ ഒരു പകർപ്പാണ് താഴെ കൊടുത്തിട്ടുള്ളത്.

4. സർക്കാർ ജോലികൾ രണ്ട് തരമുണ്ട്: (എ) സ്വയം നിഷിദ്ധമായവ. പലിശസ്ഥാപനങ്ങൾ നിയന്ത്രിക്കൽ; മദ്യഷാപ്പുകൾക്ക് മേൽനോട്ടം വഹിക്കൽ; അനിസ്ലാമികാശയങ്ങളുടെ അദ്ധ്യാപനം പോലുള്ളവ ഇതിന്നുദാഹരണമാണ്.

b) സ്വയം നിഷിദ്ധമല്ലാത്തവ. അദ്ധ്യാപനംപോലുള്ള ജോലികൾ ഉദാഹരണം.

എന്നാൽ ഈ രണ്ട് സ്വഭാവത്തിലുള്ളവയും അവസാന വിശകലനത്തിൽ നിലവിലുള്ള അനിസ്ലാമിക വ്യവസ്ഥയെയും ഭരണകൂടത്തെയും താങ്ങിനിർത്താനുള്ള ഉപാധികളാണ്. ആപേക്ഷികമായി നിരുപദ്രവകരമെന്ന് ധരിക്കപ്പെടുന്ന വിദ്യാഭ്യാസ മേഖലപോലും ഇതിന്നപവാദമല്ല. മതേതര ഭൗതിക ഭരണകൂടം അതിന്റെ ആശയാദർശങ്ങൾ വരും തലമുറയിൽ കരുപ്പിടിപ്പിക്കാനാണ് വിദ്യാലയങ്ങളെ ഉപയോഗപ്പെടുത്തുക. ഭൂരിപക്ഷം മതവിശ്വാസികളായിരുന്നിട്ടും പരിണാമസിദ്ധാന്തവും മതത്തെ സംബന്ധിച്ച ഭൗതികവ്യാഖ്യാനവും പാഠ്യപദ്ധതികളിൽ സ്ഥാനം പിടിക്കാനുള്ള കാരണവും മറ്റൊന്നല്ല.

5. നാട്ടിൽ നിലനില്ക്കുന്ന, ദൈവിക പരമാധികാരം നിരാകരിക്കുന്ന ഭരണകൂടം താഗൂത്തായതിനാലും അതിൽനിന്ന് അകന്നുനിൽക്കാൻ വിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്തതിനാലും ജമാഅത്തെ ഇസ്ലാമി അതിന് താങ്ങും സഹായകവുമാവുന്ന സകലവിധ മാധ്യമങ്ങളിൽനിന്നും വിട്ടുനിൽക്കാനാണ് പ്രാരംഭഘട്ടത്തിൽ തീരുമാനിച്ചത്. എന്നാലത് പ്രായോഗികരംഗത്ത് പ്രയാസങ്ങൾ സൃഷ്ടിക്കുകയും സ്വയം നിഷിദ്ധമല്ലാത്ത സർക്കാർ ജോലികളിലേർപ്പെടുന്നത് പ്രസ്ഥാനത്തിന് കൂടുതൽ പ്രയോജനകരമാവുമെന്ന് ബോധ്യമാവുകയും ചെയ്തപ്പോൾ ആ നിലപാടിൽ മാറ്റം വരുത്തി.

പ്രബോധനം
വാരിക

കഅ്ബയുടെ തിരുമുററത്ത്
മുഹമ്മദ് അസദ്

നിങ്ങളുടെ ഇസ്ലാഈലിനെ ബലിയറുക്കുക
അലി ശരീഅത്തി

ഇസ്ലാമിക ഭീകരവാദത്തെക്കുറിച്ച് ഒരു പുസ്തകം
ഇഖ്ബാൽ മസൂദ്

സിയാവുൽഹഖിന്റെ പത്തു വർഷം

ലോകാവസാനവും കടലാക്രമണവും
എ. എം. ഉസ്മാൻ

കൊച്ചിയിൽ ഒരു ബാലസാഹിത്യ സായാഹ്നം
കെ. സദാനന്ദൻ

നാളത്തെ പൗരന്മാർ
ഗുൽസാർ ഹൈദർ

ജമാഅത്തും സർക്കാർ ജോലിയും
ശൈഖ് മുഹമ്മദ് കാരകുന്ന്

ഇസ്ലാഈൽ കരയുന്നു
റഹ്മാൻ മുന്നൂര്

തഫ്ഹീമുൽ ഖുർആൻ, ഹദീസ്, ഫിഖ്ഹുസ്സുന്നഃ, ചോദ്യോത്തരം കത്തുകൾ.

(പ്രബോധനം പേജ് 21)

വാള്യം 46 | 1987 ആഗസ്റ്റ് 1 | 1407 ദുൽഹജ്ജ് 6 | ലക്കം 12

പ്രിയ സഹോദരങ്ങളെ, 1987-ൽ ഇതേ വ്യക്തി തന്നെ ജമാഅത്തെ ഇസ്‌ലാമി അതിന്റെ അംഗങ്ങളെ സർക്കാർ ജോലികളിൽ നിന്നും വിലക്കിയിട്ടുണ്ട് എന്ന് സമ്മതിക്കുന്ന ഭാഗമാണ് നമ്മൾ മുകളിൽ വായിച്ചത്. സ്വയം നിഷിദ്ധമായതും അല്ലാത്തതുമായ സർക്കാർ ജോലികൾ നിലവിലുള്ള അനിസ്‌ലാമിക വ്യവസ്ഥയെയും ഭരണകൂടത്തെയും താങ്ങി നിർത്താനുള്ള ഉപാധികളാണെന്നും, ആപേക്ഷികമായ നിരുപദ്രവകരമെന്നു ധരിക്കപ്പെടുന്ന വിദ്യാഭ്യാസ മേഖല പോലും അതിൽ നിന്നൊഴിവല്ല എന്നും, അനിസ്‌ലാമിക വ്യവസ്ഥക്ക് താങ്ങ് നൽകുന്ന ഇത്തരത്തിലുള്ള സകലവിധ മാധ്യമങ്ങളിൽ നിന്നും വിട്ടു നിൽക്കാനാണ് പ്രാരംഭഘട്ടത്തിൽ ജമാഅത്തെ ഇസ്‌ലാമി തീരുമാനിച്ചതെന്നും ഇദ്ദേഹം എഴുതിയതു കണ്ടല്ലോ. മാത്രവുമല്ല സ്വയം നിഷിദ്ധമല്ലാത്ത സർക്കാർ ജോലിയിൽ ഏർപ്പെടുന്നത് ഇവർക്ക് കൂടുതൽ പ്രയോജനകരമാവുമെന്ന് ബോധ്യപ്പെട്ടപ്പോഴാണത്രെ പഴയ നിലപാടിൽ ഇവർ മാററം വരുത്തിയത്. ഇത്രയും കാര്യങ്ങൾ എഴുതാൻ തൂലിക ചലിപ്പിച്ച ഇതേ വ്യക്തി തന്നെയാണ് യാതൊരു ലജ്ജയും കൂടാതെ അഭിമാനപൂർവ്വം തന്റെ സ്ഫുടമായ കളവ് 'മുഖാമുഖം' എന്ന പുസ്തകത്തിലൂടെ എഴുതിവിട്ടത്. മാന്യതക്ക് നിരക്കാത്ത ആ ഭാഗം നമുക്ക് ഒരിക്കൽകൂടി വായിക്കാം.

"അധ്യാപനം പോലുള്ള സാധാരണ സർക്കാർ ജോലികൾ: അത് സ്വീകരിക്കുന്നതിൽനിന്ന് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അതിന്റെ അംഗങ്ങളെ പോലും ഒരിക്കലും വിലക്കിയിട്ടില്ല".

അല്ലാഹുവിൽ ഭയമുള്ള, പരലോകത്തിൽ വിശ്വാസമുള്ള സഹോദരങ്ങളെ, ഇതാണ് ഇക്കൂട്ടരുടെ മതപ്രബോധനത്തിന്റെ നിലവാരം. ഇനിയും വൈകിയിട്ടില്ല, സമയമുണ്ട്, ചിന്തിക്കുക. അല്ലാഹുവിൽ പശ്ചാത്തപിച്ചുകൊണ്ടും വക്രത വെടിഞ്ഞുക്കൊണ്ടും ഇസ്‌ലാമിന്റെ യഥാർത്ഥ മൻഹജിലേക്ക് മടങ്ങിവരിക. അതിനായിരിക്കും നല്ല പര്യവസാനം ഉണ്ടാവുക. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ, ആമീൻ.

അൻവർ അബൂബക്കർ